## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2085 — 08/03/2018-ൽ മറുപടിക്ക് ഉണ്ടായിരുന്നത്

### കേരളത്തിലെ ഊർജ്ജോല്പാദന മേഖലയെ ബാധിച്ച സുപ്രീംകോടതി വിധി

| | ചോദ്യം<br><br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാവേരി നദീജല തർക്കം സംബന്ധിച്ച സുപ്രീംകോടതി വിധി കുറ്റിയാടി ഓഗ്മെന്റേഷൻ പദ്ധതിയെ ബാധിക്കുമോ; | (എ) | സുപ്രീംകോടതിയുടെ വിധി നടപ്പിൽ വന്നാൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയെ സാരമായി ബാധിക്കുന്നതാണ്. |
| (ബി) | ഒരു നദീതടത്തിൽ നിന്നും വെള്ളം മറ്റൊരു നദീതടത്തിലേക്ക് തിരിച്ചു വിടാൻ പാടില്ലായെന്ന സുപ്രീംകോടതി നിർദ്ദേശം കേരളത്തിലെ ഊർജ്ജോല്പാദന മേഖലയെ ദോഷകരമായി ബാധിക്കുമോ; | (ബി) | സുപ്രീംകോടതി നിർദ്ദേശം കേരളത്തിലെ ഊർജ്ജോല്പാദന മേഖലയെ ദോഷകരമായി ബാധിക്കുന്നതാണ്. |
| (സി) | കബനി നദീതടത്തിൽ 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പദ്ധതി സുപ്രീംകോടതി വിധിമൂലം നടപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | സുപ്രീംകോടതി വിധി മൂലം കബനീ നദീതടത്തിൽ പുതിയ ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കാൻ പ്രയാസകരമായ സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ